

# നമ്മൾ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാണ്

(2 കൊറി. 2: 14–16)

## വിചിന്തനം, മാർച്ച് 2021

ദൈവത്തിന്റെ വാക്കുകൾ അവിശ്വസനീയമെന്നു പലപ്പോഴും നമുക്കു തോന്നാറില്ലേ? ദൈവസ്വരം കേട്ട ജറെമിയ വിചാരിച്ചു, താൻ തീരെ ചെറുപ്പമാണെന്ന്. ഗിദെയോനാകട്ടെ, തീർത്തും ഭയചകിത നായിരുന്നു. അഞ്ചപ്പവും രണ്ടു മീനുമായി അയ്യായിരം പേരുടെ ഇടയിൽ ഇരുന്ന ബാലനോ അവരിൽ ഏറ്റവും നിസ്സാരനും. എങ്കിലും അവർ ദൈവത്തിന്റെ വാക്കു കേട്ടു, വിശ്വസിച്ചു. നൂറ്റാണ്ടുകൾക്കുശേഷവും അവരെപ്പറ്റി ധ്യാനിക്കുന്ന വിശ്വാസികൾക്ക് അവരുടെ ജീവിതം ഇന്നും പരിമള മാണ്. നീ ക്രിസ്തുവിന്റെ സൗരഭ്യമാണെന്ന് ദൈവം ഇന്നു നിന്റെ ഹൃദയത്തിലും മന്ത്രിക്കുന്നു.

നാം വിചിന്തനം ചെയ്യുന്ന വചനങ്ങളിൽ വിശുദ്ധ പൗലോസ് റോമാ സാമ്രാജ്യത്തിൽനിന്നുള്ള ഒരു പ്രതീകം ഉപയോഗിക്കുന്നതു കാണാം – യുദ്ധക്കളത്തിൽനിന്നും വിജയശ്രീലാളിതനായി മടങ്ങുന്ന സൈന്യാധിപനോടുള്ള ബഹുമാനാർത്ഥം നടത്തുന്ന ജയഭേരി നിറഞ്ഞ സൈനികപ്രദർശനം. ജയഘോഷയാത്ര കടന്നുപോകുന്ന വീഥിയിൽ റോമൻ ദേവൻമാരോടുള്ള ആദരവിൽ സുഗന്ധദ്രവ്യങ്ങൾ കത്തിച്ചിരുന്നു. കൊള്ളമുതലും, അടിമകളും, തടവുകാരും ഉൾപ്പെടെ യുദ്ധത്തിൽ പിടിച്ചെടുത്തവയുമായി സൈനികർ അഭിമാനത്തോടും ഗർവോടുംകൂടെ അടിവച്ചു നീങ്ങുമ്പോൾ വിജയശ്രീലാളിതരായ സൈനികരും കാഴ്ചക്കാരും മാധുര്യമേറിയ പരിമളം നുകർന്നിരുന്നു.

വിശുദ്ധ പൗലോസ് പതിനാലാം വാക്യത്തിൽ സുവിശേഷവത്കരണ ശുശ്രൂഷയെ ഈ വിജയഭേരി മുഴക്കുന്ന സൈനികപ്രദർശനത്തോടു താരതമ്യപ്പെടുത്തുന്നു. യേശു സർവ്വസൈന്യാധിപ നാണെങ്കിൽ അപ്പസ്തോലഗണമാണ് വിജയശ്രീലാളിതരായ സൈന്യം. യേശു കുരിശുമരണത്തിലൂടെ പാപത്തിന്റെയും മരണത്തിന്റെയും ദുഷ്ടശത്രുവിന്റെയുംമേൽ നിർണായകമായ വിജയം നേടി. ഒരുവനെ സ്വതന്ത്രനാക്കുന്ന ഈ വിജയം ലോകത്തിനു മുന്നിൽ ഘോഷിക്കാൻ അപ്പസ്തോ ലൻമാർ തീക്ഷ്ണതയോടെ യാത്രയായി. തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ക്രിസ്തുവിൽ ജീവിച്ച അപ്പസ്തോലൻമാർ ചുറ്റുമുള്ളവരിലേക്ക് ദൈവത്തിന്റെ സത്യം പ്രചരിപ്പിച്ചു കൊണ്ടു നീങ്ങി. തങ്ങളെ സംതൃപ്തരാക്കാൻ കഴിവുള്ള ഒരേയൊരുവനായ യേശുവുമായി വ്യക്തി ബന്ധത്തിലാകാൻ സകലരെയും ക്ഷണിച്ചുകൊണ്ട്... ഈ കാലഘട്ടത്തിൽ നാമിടപെടുന്ന സമൂഹത്തിൽ ക്രിസ്തുവിന്റെ സൗരഭ്യമാകുന്ന പുതിയ അപ്പസ്തോലരാകാൻ നാം അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.

യഥാർത്ഥ സ്നേഹവും വിശ്വാസവും ഹൃദയംഗമമായ മാപ്പു നൽകലും ദയയും കരുണയും ശാന്തിയും ഒരിക്കലും തിരിച്ചറിഞ്ഞിട്ടില്ലാത്ത വ്യക്തികൾ നിറഞ്ഞ ഈ ലോകം വാസ്തവത്തിൽ യേശുവിനു വേണ്ടി ദാഹിക്കുകയാണ്. പുറന്തള്ളപ്പെട്ടവരും കുറ്റബോധത്താൽ ഭാരപ്പെട്ടവരുമായ അവർ ദൈവത്തിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും സുവിശേഷത്തിൽ വിശ്വസിക്കണമെങ്കിൽ അതവർക്കു വിശ്വാസയോഗ്യമായിരിക്കണം. സുവിശേഷസന്ദേശത്തെ സംബന്ധിച്ചിടത്തോളം ദൂതനും ദൂതിനും തുല്യപ്രാധാന്യമാണ്. നാം പ്രഘോഷിക്കുന്ന പരമത്യാഗത്തിന്റെ സന്ദേശത്തിന് ജീവിതംകൊണ്ട് സാക്ഷ്യം വഹിക്കണം.

ഇല്ലായ്മ അനുഭവിക്കുന്നവരെ അന്വേഷിച്ചാണ് യേശു ഈ ധരണിയിലൂടെ സഞ്ചരിച്ചത്. സക്കേവൂസ്, സമരിയാക്കാരി തുടങ്ങിയവരുമായുള്ള യേശുവിന്റെ വ്യക്തിഗത കണ്ടുമുട്ടലുകൾ സ്വന്തം

വീഴ്ചകൾക്കും തെറ്റായ ജീവിതമാതൃകകൾക്കുംമേലെ ഉയരുവാനും യഥാർഥ മാനസാന്തരത്തിന്റെയും സുവിശേഷവത്കരണത്തിന്റെയും ഉത്തമ മാതൃകകളായിത്തീരുവാനും അവരെ ധൈര്യപ്പെടുത്തി. അവർ ചുറ്റുമുള്ളവർക്ക് അവിടത്തെ പരിമളമായി മാറി. സ്വാർഥതയും മാത്സര്യവും കൗശലവും വ്യാപകമായി നടമാടുന്ന ലോകത്ത് തങ്ങളുടെ തനിമയും മൂല്യവും തിരിച്ചറിയുവാൻ ജീസസ് യൂത്ത് സവിശേഷമായി ക്ഷണിക്കപ്പെടുന്നു. സ്നേഹനാഥൻ നമ്മുടെ ദുരിതങ്ങളിലേക്കു താണിറങ്ങിവന്ന് നമ്മെ അവിടത്തെ അവകാശികളാക്കി ഉയർത്തി. നമ്മുടെ ഹൃദയത്തിൽ ജ്വലിക്കുന്ന, രൂപാന്തരപ്പെടുത്തുന്ന ഈ സ്നേഹത്തെക്കുറിച്ച് അവബോധമുള്ളവരാകാം. ആവശ്യക്കാരെ തേടി ഇറങ്ങാം. അവരെ ശ്രേഷ്ഠരായി കരുതി വ്യക്തിഗത ശ്രദ്ധയും സാന്നിധ്യവും സൗഖ്യവും നൽകാം.

ഞാൻ ദൈവത്തിനു ക്രിസ്തുവിന്റെ പരിമളമാണ് - നിരന്തര ധ്യാനത്തിലൂടെ ഈ സത്യം സത്തയിൽ ആഴപ്പെടണം. അപ്പോൾ പ്രതിസന്ധികളെയും പദ്ധതികളെയും അടിസ്ഥാനമാക്കിയ അനാവശ്യ ഉത്കണ്ഠകൾക്കു വിരാമമാകും. സാമൂഹ്യമാധ്യമങ്ങളിൽ ചെലവിടുന്ന സമയം ചുരുങ്ങുകയും ചുറ്റുമുള്ളവർക്ക് സംലഭ്യരും ആത്മാർഥസൗഹൃത്തുക്കളുമായി നാം പരിണമിക്കുകയുംചെയ്യും. നാം അവിടത്തെ സ്വഭാവം പ്രതിഫലിപ്പിക്കുമ്പോൾ ചിലർ നമ്മെ അകറ്റിനിർത്തിയേക്കാം. എങ്കിലും നമ്മുടെ ത്യാഗപൂർണമായ ജീവിതം കണ്ടും നാം പ്രതിനിധീകരിക്കുന്നവ തിരിച്ചറിഞ്ഞും അനേകർ ചോദിക്കും: എന്തുകൊണ്ടാണ് ഈ സുഗന്ധം? ഇത്തരം സൗരഭ്യത്തിനു കാരണമെന്താണ്? തങ്ങളുടെ ഹൃദയങ്ങളിലേക്ക് സ്വർഗം കൊണ്ടുവരാനുള്ള തിരഞ്ഞെടുപ്പു നടത്താൻ നമ്മുടെ ക്രൈസ്തവസാന്നിധ്യം അവരെ പ്രേരിപ്പിക്കും. ഉണരാം, പ്രശോഭിക്കാം, ക്രിസ്തുവിന്റെ പരിമളമാകാം! അതേ; നമ്മൾ അതാണ്! എന്തെന്നാൽ ദൈവം നമ്മുടെ ഹൃദയത്തിൽ നിരന്തരം മന്ത്രിക്കുന്നതും അതുതന്നെ!